# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 25 | 03.02.2020 - ൽ മറുപടിക്ക് |

## ആലത്തൂർ നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ .ഡി .പ്രസേനൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ; | (എ)<br>&<br>(ബി) | റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല,ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശുപാർശയോടെ മന്ത്രിസഭക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നു വിശദീകരിക്കാമോ ; | | |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികളുടെ നിർദ്ദേശം ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ? | (സി) | വിവിധ വകുപ്പുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവർ പരിഗണിച്ചു വരുന്നു. വനം വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ നിർമാണത്തിന്, മത്സ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷി, കുടുംബശ്രീ, ജൈവ വൈവിധ്യ ബോർഡ് പദ്ധതി, മൃഗ സംരക്ഷണം, ഖരമാലിന്യ സംസ്കരണം, മാപ്പത്തോൺ പ്രൊജെക്ട്, കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ, കൃഷി വകുപ്പിന്റെ വിവിധപ്രൊജെക്ടുകൾ, ജല വിഭവ വകുപ്പ് , റവന്യൂ വകുപ്പ് , കൃഷി വകുപ്പ് , മത്സ്യബന്ധന വകുപ്പ്, നമ്മൾ നമുക്കായി തുടങ്ങിയ വകുപ്പുകളുടെയും/ പദ്ധതികളുടെയും നിർദ്ദേശം ലഭ്യമാകുകയും അതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ